പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1068** **15-10-2026-ൽ മറുപടിയ്ക്ക്**

**റോഡ് റീ ടാറിംഗ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഒ. എസ്. അംബിക ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ടാർ വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എടുക്കുന്ന കുഴികൾ നികത്തി റോഡ് റീ ടാറിംഗ് ചെയ്യുന്നതിന് താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** പശ്ചിമേഷ്യൻ യുദ്ധത്തിന്റെ അനന്തരഫലമായി ബിറ്റുമിന്റെ (Bitumen) വില ക്രമാതീതമായി ഉയർന്നത് പല പൊതുമരാമത്ത് പ്രവൃത്തികളെയും പ്രതികൂലമായി ബാധിക്കുകയും തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു .

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന് കീഴിലുള്ള EPC, HAM, PBMC, STMC, Item rate പ്രവൃത്തികളിൽ 01/04/2026 മുതലുള്ള അസാധാരണ വില വർദ്ധനവിന് ആശ്വാസനടപടിയായി വില ക്രമീകരണം അനുവദിച്ചുകൊണ്ട് 17/04/2026, 25/04/2026 എന്നീ തീയതികളിൽ MoRTH NH-24028/03/2026-H നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്കായി 02.07.2026 സ.ഉ (എം.എസ്)-39/2026/PWD പ്രകാരം നിരക്കുകൾ പുതുക്കി നൽകാൻ ഉത്തരവിറക്കി. 30/07/2026 തീയതിയിൽ ബിറ്റുമെൻ വില വർദ്ധനവ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും Circular No. CEPWD/2675/2021 C4 (W) RD (തീയതി 09.09.2026) പ്രകാരം നിരക്കുകൾ പരിഷ്കരിക്കുകയും ചെയ്തു. ഇതിന് അനുബന്ധമായി റെസ്റ്റോറേഷൻ നിരക്കുകളും പുതുക്കിയ മറ്റ് നിരക്കുകളും MoRTH-ന്റെ "Rajmarg pravesh", "SUGAMA" പോർട്ടലുകളിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ കാലാവധി ഇപ്പോൾ 2027 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**(ബി)** റോഡ് റീ ടാറിംഗ് നിരക്ക് പരിഷ്കരണത്തിനായി നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**